<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒമ്പതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 5921

08.07.2013 ലെ
മറുപടിയ്ക്ക്

<u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

**ചോദ്യം**

ശ്രീ. രാജു എബ്രഹാം :

ന്യൂനപക്ഷക്ഷേമത്തിനായി ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ പദ്ധതിയിലൂടെയും ആർക്ക് എന്ത് സഹായമാണ് ലഭ്യമാക്കുന്നത് എന്നും, ഇതിനായുള്ള അപേക്ഷകളുടെ മാതൃകകളും, അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങിനെയെന്നതും അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി)

ന്യൂനപക്ഷക്ഷേമത്തിനായി ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. തൊഴിൽരഹിതരായ മുസ്ലീം യുവജനങ്ങൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നു. പരിശീലനത്തിനായി വെള്ളകടലാസിൽ വിവിധ കോച്ചിംങ്ങ് സെന്റർ പ്രിൻസിപ്പൽമാർക്ക് ബയോഡേറ്റ സഹിതം അപേക്ഷ നൽകിയാൽ മതിയാകും.

2. കോളേജ് ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 20% ലത്തീൻ പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായി നീക്കി വച്ചിട്ടുണ്ട്. ഇത് ഓൺലൈൻ വഴിയാണ് അപേക്ഷ സ്വീകരിക്കുന്നത്.

3. ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് (150 വീതം) 'പാസ് വേഡ്' എന്ന പേരിൽ ദ്വിദിന സൗജന്യ വ്യക്തിത്വവികസന പദ്ധതി ജില്ലകൾ തോറും നടപ്പിലാക്കി വരുന്നു.

4. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. കോഴിക്കോട് പുതിയറയിലുള്ള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആഫീസിലും, ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷ സെക്ഷനുകളിലും അപേക്ഷ ലഭിക്കുന്നതാണ്.

5. വയനാട് ജില്ലയിൽ കേന്ദ്രഗവൺമെന്റ് പദ്ധതിയായി മൾട്ടി സെക്ടറൽ ഡെവലപ് മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ